(ബി) അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്ന് സെന്റ് ഭൂമിവീതം പ്രസ്തുത പദ്ധതിയിൽ നൽകിവരുന്നു. നാളിതുവരെ 3,59,038 അപേക്ഷകൾ പദ്ധതിയിലേക്ക് ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാംഘട്ടത്തിൽത്തന്നെ ഭൂമി അനുവദിക്കാൻ കഴിഞ്ഞു. രണ്ടാംഘട്ട പട്ടയവിതരണം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാം ഘട്ടത്തിൽ പട്ടയം നൽകിക്കഴിഞ്ഞു.

(ഡി) പട്ടയം നൽകിയതിനുശേഷം ഭൂമി പതിവ് ചട്ടപ്രകാരമാണ് ഭൂമി കൈമാറുന്നത്. കോടതി കേസുകൾ, മറ്റ് തർക്കങ്ങൾ എന്നിവ ബാധകമല്ലാത്ത മുഴുവൻ ഭൂമിയും കൈമാറിക്കഴിഞ്ഞിട്ടുണ്ട്.

(ഇ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിതരണം ചെയ്ത പട്ടയങ്ങളിൽ കോടതി കേസുകളിൽപ്പെട്ടവ ഒഴികെ ബാക്കിയുള്ളവയ്ക്കെല്ലാം ഭൂമി കൈമാറിയിട്ടുണ്ട്.

**ഇ-ഗവേണൻസ് പദ്ധതി**

144 (1221) <u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ. പി. എ. മാധവൻ</u> :

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റവന്യൂ വകുപ്പിൽനിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഫ്രണമേന്മയോടുംകൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതോടെ പ്രധാനമായും ലക്ഷ്യമിടുന്നത്. അപേക്ഷകന് എപ്പോഴും എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈനായി റിവന്യൂ ഓഫീസർക്ക് / തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു. പദ്ധതിവഴി റവന്യൂ വകുപ്പിൽനിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. വസ്തുവിന്റെ പോക്കുവരവ്/ജന്മമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റരീതിയിലും നടപ്പിലാക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിവരുന്നത്. പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചുകിട്ടുകയും റിവന്യൂ റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജന്മമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു പ്രധാന ലക്ഷ്യം. സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നൂതന സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, ജാഗ്രതയോടെ സംരക്ഷിക്കുക, വിവേകപൂർവ്വം അവയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുക മുതലായവയാണ് മറ്റുപ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ജില്ലാ കളക്ടറേറ്റുകളെ ഉദ്ദേശിച്ചുള്ള ഒരു ഫയൽ മാനേജ്മെന്റ് സിസ്റ്റമാണ് ഡി.സി. സ്യൂട്ട്. നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറുന്നതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ആർ.ആർ. ഓൺലൈൻ എന്ന സംവിധാനം ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയും സംസ്ഥാനമൊട്ടാകെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയും സർക്കാർ ഉത്തരവായിട്ടുണ്ട്. 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ഗവേണൻസിന്റെ മോണിറ്ററിംഗിനായി ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും ജില്ലാ ഐ.റ്റി. സെല്ലുകളും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഐ.റ്റി. സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി റവന്യൂ വകുപ്പിൽ വെർച്വൽ ഐ.റ്റി. കേഡറും രൂപീകരിച്ചിട്ടുണ്ട്.

## മിനി സിവിൽ സ്റ്റേഷൻ

145 (1222) ശ്രീ. സി .കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഉദ്ഘാടനം ചെയ്ത മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾക്ക് മുറികൾ അനുവദിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ഇറിഗേഷൻ സെക്ഷൻ, പയ്യന്നൂർ, എക്സൈസ് ഓഫീസ്, ലേബർ ഓഫീസ്, ലാന്റ് ട്രൈബ്യൂണൽ ഓഫീസ്, കൊമേഴ്സ്യൽ ടാക്സ് ഓഫീസ്, ഫുഡ് & സേഫ്റ്റി ഓഫീസ്, ശിശു വികസന ഓഫീസ്, റീ-സർവ്വേ ഓഫീസ്, അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, വി.എച്ച്.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നീ ഓഫീസുകൾക്കുവേണ്ടി മുറികൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പൊതുമരാമത്ത് വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറി കിട്ടാത്തതുകൊണ്ടും വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ടുമാണ് കെട്ടിടം വിവിധ ഓഫീസുകൾക്ക് അനുവദിക്കുവാൻ കഴിയാത്തത്.

## ഭൂമി പതിച്ചുനൽകൽ

146 (1223) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ ഒന്നിന് മുമ്പ് ഭൂമി കൈവശംവച്ച് വരുന്നതായി അവകാശപ്പെട്ടുകൊണ്ട് ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പിന് ലഭിച്ച അപേക്ഷകൾ എത്ര ; ജില്ല തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly